**കേരള കാർഷിക സർവ്വകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**
**അമ്പലവയൽ, വയനാട്**

നമ്പർ. ഇ. 4862/2024 തീയതി 07.12.2024

**ക്വട്ടേഷൻ നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2025** ജനുവരി മാസം **01** മുതൽ **15** വരെ നടത്തുന്ന "അന്താരാഷ്ട്ര പുഷ്പഫല പ്രദർശന മേള പൂപ്പൊലി 2025 "ന്റ ഭാഗമായി കൂപ്പണുകൾ, നോട്ടീസുകൾ, ബ്രോഷർ മുതലായവ അച്ചടിച്ചു തരുന്നതിന് ജി.എസ്.ടി രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും മത്സരാടിസ്ഥാനത്തിൽ മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**പുഷ്പഫല പ്രദർശന മേള പൂപ്പൊലി 2025- കൂപ്പണുകൾ, നോട്ടീസുകൾ, ബ്രോഷർ എന്നിവ അച്ചടിച്ചു തരുന്നതിനുള്ള ക്വട്ടേഷൻ ഇനങ്ങൾ:**

1. പ്രോഗ്രാം നോട്ടീസ്
2. ബ്രോഷർ (ഇൻവിറ്റേഷൻ & വലിഡിക്ടറി)
3. ബാഡ്ജ്
4. ഐഡി കാർഡ്
5. സ്റ്റാൾ പാസ്(കവർ സഹിതം) ബാർ കോഡ് സഹിതം
6. ഓഫീസിൽ നിന്നും അറിയിക്കുന്ന മുറയ്ക്ക് മറ്റ് അത്യാവശ്യ സാധനങ്ങൾ
7. സെമിനാർ വിവരങ്ങൾ
8. സർട്ടിഫിക്കറ്റുകൾ
9. ബാനറുകൾ

**ക്വട്ടേഷനോടൊപ്പം എല്ലാ ഇനങ്ങളുടെയും മാതൃകകൾ കൂടി സമർപ്പിക്കേണ്ടതും ഓരോ ഇനങ്ങളുടെ നിരക്ക് പ്രത്യേകം കാണിക്കേണ്ടതുമാണ്.**

- ക്വട്ടേഷൻ **സമർപ്പിക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖ ക്വട്ടേഷനോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**
- **പ്രിന്റ് ചെയ്യുന്ന പേപ്പറിന്റെ ഗുണമേൻമ പ്രത്യേകം കാണിക്കേണ്ടതാണ്**
- **സ്ക്വയർ ഫീറ്റിനുള്ള നിരക്കാണ്** ക്വട്ടേഷനിൽ **കാണിക്കേണ്ടത്.**
- ക്വട്ടേഷൻ **സംബന്ധമായ കൂടുതൽ വിവരങ്ങൾ 04936 260421 ഫോൺ നമ്പരിൽ നിന്നും അറിയാവുന്നതാണ്**

ക്വട്ടേഷൻ കവറിനുപുറത്ത് എഴുതേണ്ടത് :

**പുഷ്പഫല പ്രദർശന മേള പൂപ്പൊലി 2025- കൂപ്പണുകൾ, നോട്ടീസുകൾ, ബ്രോഷർ എന്നിവ അച്ചടിച്ചു തരുന്നതിനുള്ള ക്വട്ടേഷൻ**

ക്വട്ടേഷൻ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം : **18.12.2024 2.00 PM**

ക്വട്ടേഷൻ തുറക്കുന്ന തിയതി, സമയം : **18.12.2024 2.30 PM**

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം: അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട്

**നിരതദ്രവ്യം** : 2,000/- രൂപ

സെക്യൂരിറ്റി ഡിപ്പോസിറ്റ് : Rs. 2,000/- രൂപ

(മറുപുറം)

**നിബന്ധനകൾ**

1. ക്വട്ടേഷനുകൾ സ്ഥാപനങ്ങളുടെ ലെറ്റർ ഹെഡ്ഡിൽ സമർപ്പിക്കാവുന്നതാണ്.
2. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
3. ക്വട്ടേഷനോടൊപ്പം, നിരത്രവ്യം **'അസോസിയേറ്റ് ഡയറക്ടർ , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് പ്രകാരമോ ഓഫീസിൽ നേരിട്ടോ അടച്ച് ക്വട്ടേഷനിൽ പങ്കുകൊള്ളേണ്ടതാണ്. നിർദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും, അപൂർണവുമായ ക്വട്ടേഷനുകളും, സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 02.30 മണിക്ക് തന്നെ ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും.
5. നിരതദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
6. ഇപ്രകാരം ക്വട്ടേഷൻ ഏറ്റെടുക്കുന്ന ആൾ 2000/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ക്യാഷ്/ടേം ഡെപ്പോസിറ്റ്/ബാങ്ക് ഗ്യാരണ്ടി/ ഡിമാന്റ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്.
7. വിജയിയായ ക്വട്ടേഷൻകാരൻ ഈ കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് പ്രിന്റ് ചെയ്ത നോട്ടീസുകളും മറ്റും എത്തിച്ചു തരേണ്ടതാണ്. അല്ലാത്ത പക്ഷം നിരത ദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.
8. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.
9. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.
10. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.
11. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.
12. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്

   (ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

രാഗേഷ് പി.ആർ,
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

Administrative Officer
Regional Agricultural Research Station
Ambalavayal
Wayanad Dist. - 673 593

KAU Website

പകർപ്പ്:

നോട്ടീസ് ബോർഡ് (ആർ.എ.ആർ.എസ്, ഫാം ഓഫീസ്, കെ.വി.കെ)
ഫാം സൂപ്രണ്ട്/ ഫാം ഇൻ ചാർജ്/ ഡോ. ചിത്ര എം.ടി, അസി. പ്രൊഫസർ
അമ്പലവയൽ വില്ലേജ് ഓഫീസ്/ അമ്പലവയൽ പഞ്ചായത്ത് ഓഫീസ് / അമ്പലവയൽ കൃഷി ഭവൻ

REGIONAL AGRICULTURAL RESEARCH STATION
AMBALAVAYAL, WAYANAD